# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2958.** **07.02.2018 -ൽ മറുപടിയ്ക്ക്**

## റിസോഴ്സ് അദ്ധ്യാപകരുടെ സേവനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി. | | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്ന രീതിയിൽ ഭിന്നശേഷിയുള്ളവർക്ക് അവസര സമത്വവും സാമൂഹ്യനീതിയും നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന നിലയിൽ 6 മുതൽ 18 വയസുവരെ പ്രായമുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നൽകുന്നു. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനത്തെ സഹായിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്താൽ പഠന പ്രവർത്തനത്തെ സഹായകരമാക്കുന്നതിനായി അനുരൂപീകരണ പ്രവർത്തനങ്ങൾ സ്വതന്ത്ര സഞ്ചാരത്തിനായി ഭൗതിക സാഹചര്യങ്ങളെ അനുരൂപീകരിക്കുക, പഠനത്തെ സഹായിക്കുന്നതിനായി അനുരൂപീകരിച്ച പഠനബോധന സാമഗ്രികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ നൽകുക എന്നിവ വഴി ഭിന്നശേഷിയുള്ളവർക്ക് അവസരസമത്വവും സാമൂഹ്യ നീതിയും ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ ഐ.ഇ.ഡി.പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള 1203 റിസോഴ്സ് അദ്ധ്യാപകരേയും ബി.ആർ.സി കേന്ദ്രീകരിച്ചാണ് നിയമിച്ചിട്ടുള്ളത്. ഒന്നിലധികം വിദ്യാലയങ്ങൾക്ക് ഒരു അദ്ധ്യാപകൻ എന്ന നിലയിലാണ് ഇവരുടെ സേവനം നൽകി വരുന്നത്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട 865 റിസോഴ്സ് അദ്ധ്യാപകരെ ഒരു അദ്ധ്യാപകന് രണ്ട് വിദ്യാലയങ്ങൾ എന്ന രീതിയിലാണ് നിയമിക്കപ്പെട്ടിട്ടുള്ളത്. |
| ബി) | പ്രൈമറി വിദ്യാലയങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സ്ഥിരം സേവനം ലഭ്യമാണോ; ഇല്ലെങ്കിൽ ഇതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; | ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.എസ്.എ മുഖേന പ്രൈമറിവിദ്യാലയങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനായി പ്രത്യേകം പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ മാത്രമെ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ. |

| | | | |
|---|---|---|---|
| സി) | നിലവിലുള്ള റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഇപ്പോൾ ഏത് രീതിയിലാണ് വിദ്യാലയങ്ങളിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | നിലവിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ സേവനം പ്രൈമറിതലത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലാണ് ഉള്ളത്. കൂടാതെ ഗുരുതരമായി അംഗവൈകല്യം ബാധിച്ച് കിടപ്പിലായ 2 കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നു. പ്രൈമറിസ്കൂൾ തലത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്കൂൾ സന്ദർശിക്കുകയും അദ്ധ്യാപകർക്ക് ആവശ്യമായ തത്സമയ പിൻതുണയും നൽകുന്നു. എല്ലാ ശനിയാഴ്ചയും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാരബോധനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ